**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1692** **11-10-2024 - ൽ മറുപടിയ്ക്ക്**

**സ്വയംഭരണ കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സ്വയംഭരണ കോളേജുകളിൽ നിന്ന് അഫിലിയേഷന്റെ പേരിൽ സർവകലാശാലകൾ ഫീസീടാക്കുന്നതും യു.ജി.സി. നിബന്ധനകൾക്ക് വിരുദ്ധമായ കരാറുകളിൽ ഒപ്പിടാൻ നിർബന്ധിക്കുന്നതും വിലക്കി ബഹു. ഹൈക്കോടതി ഉത്തരവിട്ടത് ഗൗരവത്തോടെ കാണുന്നുണ്ടോ വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ വിവിധ സർവകലാശാലകളുടെ കലാലയങ്ങളുമായി ബന്ധപ്പെട്ട് യു.ജി.സി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായോ, കോളേജുകളുടെ പ്രവർത്തനങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന തരത്തിലോ സർവകലാശാലയുടെ ഭാഗത്തു നിന്നും ഇടപെടലുകൾ ഉണ്ടായിട്ടില്ല. |
| (ബി) | സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട് നിലവിൽ സർവ്വകലാശാലകൾ ഏതൊക്കെ രീതിയിലുള്ള ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഇടപെടലുകൾ യുജിസി മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | യു.ജി.സി. മാനദണ്ഡങ്ങളും സർവകലാശാല ആക്ടും പ്രകാരമുള്ള ഇടപെടലുകളാണ് സ്വയംഭരണ കോളേജുകളുമായി ബന്ധപ്പെട്ട് സർവകലാശാലകൾ നടത്തുന്നത്. |
| (സി) | സ്വയംഭരണ കോളേജുകൾക്ക് സ്വന്തം നിലയ്ക്ക് സിലബസും കരിക്കുലവും തയ്യാറാക്കുവാൻ അവകാശമുണ്ടോ; ഇക്കാര്യത്തിൽ സർവകലാശാലകൾ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | സ്വയംഭരണ കോളേജുകൾ സ്വന്തം നിലയ്ക്ക് സിലബസും കരിക്കുലവും തയ്യാറാക്കുന്ന വിഷയത്തിൽ സർവകലാശാലാ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസരിച്ചുള്ള ഇടപെടലുകൾ മാത്രമാണ് സർവകലാശാലകൾ നടത്തുന്നത്. |
| (ഡി) | സ്വയംഭരണ പദവിക്ക് അനുസൃതമായി പ്രവർത്തിക്കുവാൻ കോളേജുകൾക്ക് അവസരം സൃഷ്ടിക്കുന്ന രീതിയിലുള്ള സാഹചര്യം ഉന്നത വിദ്യാഭ്യാസ രംഗത്ത് സൃഷ്ടിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഇതിനുള്ള സാഹചര്യം ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ